പണം കടംകിട്ടുന്നതിനാവശ്യമായ കൈവശ സർട്ടിഫിക്കറുകൾ

1174 [1868] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പണമിടപാടു സ്ഥാപനങ്ങളിൽനിന്നും പണം കടം കിട്ടുന്നതിന് ആവശ്യമായ കൈവശസർട്ടിഫിക്കറുകൾ കൃഷിക്കാർക്ക് നൽകുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ പാലക്കാടുജില്ലയിൽ ഇത്തരം സർട്ടിഫിക്കറുകൾ നൽകുന്നില്ലെന്നത് കണക്കിലെടുത്ത് സർട്ടിഫിക്കറുകൾ (കൈവശം കാണിക്കുന്നവ) നൽകാൻ വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) പാലക്കാട് ജില്ലയിൽ തഹസിൽദാർമാർ കൈവശ സർട്ടിഫിക്കറുകൾ നൽകുന്നുണ്ട്.

സ്വന്തം കെട്ടിടമില്ലാത്ത വില്ലേജാഫീസുകൾ

1175 [1869] ശ്രീ. കെ.കെ.എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം കെട്ടിടമില്ലാത്ത എത്ര വില്ലേജാഫീസുകൾ നിലവിലുണ്ട്;

(ബി) ഈവർഷം ഏതെങ്കിലും ഓഫീസുകൾക്ക് കെട്ടിടമുണ്ടാക്കുന്നുണ്ടോ;

(സി) എങ്കിൽ ഏവ?

ഉത്തരം

(എ) 768.

(ബി, സി) ഈ വർഷം 75 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†. കെട്ടിടനിർമ്മാണത്തിനുള്ള തുക അപര്യാപ്തമായതിനാൽ കെട്ടിടങ്ങളുടെ പണി ഈ നടപ്പുവർഷം പൂർത്തിയാകുമെന്ന് തീർച്ചപറയാൻ നിവൃത്തിയില്ല.

†അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly